# പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4924 — 01.07.2013-ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിനിടെ കാണാതായവരും മരണപ്പെട്ടവരും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ രണ്ട് വർഷത്തിനിടെ മത്സ്യബന്ധന ജോലിക്കിടയിൽ എത്ര തൊഴിലാളികൾക്ക് ഗുരുതര മായ പരിക്കുകൾ പറ്റിയെന്നും എത്രപേരെ കാണാതായി എന്നും എത്രപേരുടെ മൃതദേഹങ്ങൾ കണ്ടു കിട്ടിയെന്നും വ്യക്തമാക്കുമോ ; | (എ) | കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ മത്സ്യബന്ധനത്തിനിടയിൽ 315 പേർക്ക് ഗുരുതരമായി പരിക്കുപറ്റുകയും, കാണാതായ 92 മത്സ്യത്തൊഴിലാളി കളിൽ 56 പേരുടെ മൃതദേഹം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവരുടെ ആശ്രിതർക്ക് ഇക്കാലയളവിൽ എത്ര തുക സഹായം നൽകിയെന്നും ഇനിയെത്ര തുക നൽകാനുണ്ടെന്നും അറിയിക്കുമോ; | (ബി) | മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം 07.12.10 മുതൽ 31.05.13 വരെയുള്ള കാലയളവിൽ നടന്ന 303 അപകട മരണങ്ങളിൽ 172 പേർക്ക് 4,37,07,461/- രൂപ ധന സഹായം നൽകിയിട്ടുണ്ട്. 128 പേരുടെ അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്. ഗുരുതരമായി പരിക്കുപറ്റിയ 315 പേരിൽ 167 പേർക്ക് 19,70,008/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| (സി) | കടലിൽവച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാ ണെന്ന് അറിയിക്കുമോ ; | (സി) | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം കടലിൽ വെച്ചുള്ള അപകടമരണത്തിന് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 7.0[illegible].11 മുതൽ 3 ലക്ഷം രൂപയും കുട്ടികളുടെ വിദ്യാ ഭ്യാസത്തിന് പരമാവധി 10,000/- രൂപയും, ശവസംസ്കാരത്തിന് പരമാവധി 2,000/- രൂപയും നൽകുന്നു. കൂടാതെ മത്സ്യത്തൊഴിലാളിയുടെ വിധവയ്ക്ക് പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം ഇപ്പോൾ 400/- രൂപ നിരക്കിൽ പെൻഷൻ നൽകുന്നു. |
| (ഡി) | കടൽ അപകടങ്ങളിൽപെട്ട് മൃതദേഹങ്ങൾ കണ്ടുകിട്ടാതെ പോയവരുടെ ആശ്രിതർക്ക് എന്തെ ങ്കിലും ആനുകൂല്യങ്ങൾ നൽകിയി ട്ടുണ്ടോ ; വിശദമാക്കാമോ ? | (ഡി) | കടലിൽ അപകടങ്ങളിൽപ്പെട്ട് കാണാതാ കുന്നവരുടെ ആശ്രിതർക്ക്, കാണാതാ യവർ തിരിച്ചെത്തുന്ന പക്ഷം ഇൻഷ്വ റൻസ് ധനസഹായം തിരികെ നൽകാ മെന്ന കരാറിന്റെ അടിസ്ഥാനത്തിൽ ധന സഹായം നൽകിവരുന്നു. 07.12.10 മുതൽ 31.05.13 വരെ ഇപ്രകാരം മൂന്ന് പേർക്ക് 2 ലക്ഷം രൂപ നിരക്കിൽ 6 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ